പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 716

6.2.2013 ൽ
മറുപടിയ്ക്ക്

വിവര സാങ്കേതികരംഗത്തെ തൊഴിൽ സംരംഭങ്ങൾ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി ; | | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വിവര സാങ്കേതിക രംഗത്ത് എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത വ്യവസായ സംരംഭങ്ങൾ ഏതെല്ലാമെന്ന് പറയുമോ ; പൊതുമേഖലയിൽ സ്ഥാപിച്ചവ ഏതെന്ന് വെളിപ്പെടുത്തുമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ടെക്നോപാർക്കിൽ 54 കമ്പനികളും കൊച്ചി ഇൻഫോപാർക്കിൽ 51 കമ്പനികളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം STPI യിൽ 11 ഐ.ടി. കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. പൊതുമേഖലയിൽ പുതിയ ഐ.ടി. വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത രംഗത്ത് എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്ന് അറിയിക്കുമോ ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടെക്നോപാർക്കിൽ 3020 തൊഴിലവസരങ്ങളും ഇൻഫോപാർക്കിൽ 4500 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | പുതിയ ഐ.ടി. പാർക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ; പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ എന്ന് വ്യക്തമാക്കുമോ ? | സി) | കോട്ടയം ജില്ലയിലെ പാലായിൽ മീനച്ചിൽ വള്ളിച്ചിറ വില്ലേജിൽ പൊതുമേഖലയിൽ ഒരു ഐ.ടി. പാർക്ക് (ഇൻഫോസിറ്റി) സ്ഥാപിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ